**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - കോഴിക്കോട് കോർപ്പറേഷനെതിരെ ചെന്നൈയിലെ ഗ്രീൻ ട്രിബ്യൂണൽ മുമ്പാകെയുള്ള ആപ്ലിക്കേഷൻ 128/14 നമ്പർ കേസ് നടത്തുന്നതിന് അഭിഭാഷകന് വക്കീൽ ഫീസ് നൽകിയ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.3255/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 30/11/2016

പരാമർശം :- 1. കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറിയുടെ 23.06.2015 തീയതിയിലെ സി 17/Application – 128/14 നമ്പർ കത്ത്.

2. നഗരകാര്യ ഡയറക്ടറുടെ 05.05.2016 തീയതിയിലെ എൽ-14297/15 നമ്പർ കത്ത്.

**ഉത്തരവ്**

നഗരകാര്യ ഡയറക്ടറുടെ രണ്ടാം പരാമർശിത കത്തിലെ ശുപാർശ പരിഗണിച്ച്, കോഴിക്കോട് കോർപ്പറേഷനെതിരെ ചെന്നൈയിലെ ഗ്രീൻ ട്രിബ്യൂണൽ മുമ്പാകെയുള്ള ആപ്ലിക്കേഷൻ 128/14 നമ്പർ കേസ് നടത്തുന്നതിന് നഗരസഭയുടെ അഭിഭാഷകനായ ശ്രീ. പി.വി. സുരേന്ദ്രനാഥിന് നഗരസഭാ കൗൺസിൽ തീരുമാന പ്രകാരം വക്കീൽ ഫീസിനത്തിൽ 50,000/- രൂപ നഗരകാര്യ ഡയറക്ടറുടെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ നൽകിയ കോഴിക്കോട് നഗരസഭയുടെ നടപടി സാധൂകരിച്ചും സ്റ്റാൻഡിംഗ് കൗൺസിലിന് വക്കീൽ ഫീസിനത്തിൽ 1,00,000/- രൂപ നൽകുന്നതിന് തീരുമാനിച്ചിട്ടുള്ള നടപടി, ഈ ഇനത്തിൽ സർക്കാരിന് യാതൊരു വിധ സാമ്പത്തിക ബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ, അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**അബ്ദുൽകലാം.എം**

**അണ്ടർ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ